അനുബന്ധം - III

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക നയം

1 (*271) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-ലെ കാർഷിക നയത്തിൽ എന്തിനൊക്കെയാണ് പ്രാധാന്യം നൽകിയിട്ടുള്ളതെന്നും അതിനുള്ള കാരണങ്ങളെന്തെല്ലാമെന്നും വിശദമാക്കുമോ ;

(ബി) തുണ്ടുഭൂമികളിലും ഫലവൃക്ഷങ്ങൾക്കിടയിലും ഉപയുക്തമാക്കാവുന്ന സ്ത്രീ സൗഹൃദ ലഘുയന്ത്രങ്ങളുടെ നിർമ്മാണം, വിപണനം എന്നിവയ്ക്ക് കാർഷിക നയത്തിൽ നൽകിയിട്ടുള്ള പ്രാധാന്യം വിശദമാക്കുമോ ;

(സി) സോളാർ, വായു അധിഷ്ഠിത കാർഷിക ഉപകരണങ്ങൾ കുറഞ്ഞ ചെലവിൽ കൃഷിക്കാർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതു വിധത്തിലെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കൃഷി ഭൂമി, ജല ലഭ്യത, മണ്ണിന്റെ ഉല്പാദനക്ഷമത, കാലാവസ്ഥയും പരിസ്ഥിതിയും, കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ക്ഷേമം, യന്ത്രവത്കരണം, ശാസ്ത്ര സാങ്കേതിക-വിവര സാങ്കേതിക വിദ്യ കാർഷിക രംഗത്ത് ഉപയോഗിക്കൽ, അന്തർദ്ദേശീയ വ്യാപാര മേഖല, കർഷക ഉല്പാദക സംഘങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വിള ഇൻഷ്വറൻസ്, കാർഷിക വായ്പാ നയം, വിള സംരക്ഷണം, വളർത്തു മൃഗങ്ങളുടെ പരിപാലനം, മൃഗ ഉല്പന്നങ്ങളുടെ ഗുണനിലവാരം, ക്ഷീര വികസനം, പൗൾട്രി വികസനം വിത്തുകളെയും നടീൽ വസ്തുക്കളെയും സംബന്ധിക്കുന്ന വിഷയങ്ങൾ, കൃഷി ഫാമുകളുടെ നവീകരണം, മൂല്യ വർദ്ധനവും സംസ്കരണവും, കാർഷിക ബഡ്ജറ്റ്, ഹൈടെക് കൃഷി, ബയോടെക്നോളജിയേയും

LIBRARY ARCHIVES Kerala Legislative Assembly

ജനിതകതയേയും സംബന്ധിച്ച വിഷയം തുടങ്ങി കൃഷി-മൃഗ സംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാന കാർഷിക വികസന നയം രൂപപ്പെടുത്തിയിട്ടുണ്ട്. നയത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അനുബന്ധമായി ചേർത്തിരിക്കുന്ന കാർഷിക വികസന നയം 89-ൽ (പേജ് 83) വിശദമാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്ന നയത്തിലെ കാർഷിക വികസന നയം 93 (പേജ് 85) പ്രകാരം വൈദ്യുതി ഉപയോഗവും കൃഷിച്ചെലവും കുറയ്ക്കുന്നതിനായി പാടശേഖരങ്ങളുടെ വരമ്പുകളിലെ സൗരോർജ്ജവും കാറ്റും അവയുടെ സങ്കരയിനം സാങ്കേതിക വിദ്യകളും അടിസ്ഥാനമാക്കിയുള്ള ഉയർന്ന കാര്യക്ഷമതയുള്ള മോട്ടോർ പമ്പുകൾ സ്ഥാപിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകണമെന്ന് വിവക്ഷിക്കുന്നുണ്ട്.

പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

2 (*272) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രവാസി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകി തുടങ്ങിയോയെന്നു വെളിപ്പെടുത്തുമോ ;

(സി) അഞ്ചു വർഷം പണമടച്ചവർക്ക് സാങ്കേതിക കാരണം പറഞ്ഞ് പെൻഷൻ നിഷേധിക്കുന്നതായ സ്ഥിതിവിശേഷം ബോർഡിൽ നിലനിൽക്കുന്നുണ്ടോയെന്നു വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly